10334
8/7/16

# കേരള സർക്കാർ

## സംഗ്രഹം

വനം വന്യജീവി വകുപ്പ്- ജീവനക്കാര്യം-ശ്രീ.ഉദയകുമാർ മുതൽ പേർ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ സമർപ്പിച്ച OA(EKM)-321/2016 നമ്പർ കേസിന്റെ 10/03/2016-ലെ ഉത്തരവിന്മേൽ തീർപ്പ കല്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ (സാധാ) നം. 225/2016/വനം തിരുവനന്തപുരം, തീയതി: 24/06/2016

---

പരാമർശം: 1) ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 10/03/2016-ലെ OA(EKM) 321/2016-ലെ ഉത്തരവ്.

2) ശ്രീ.ഉദയകുമാർ മുതൽ പേരുടെ 11/01/2016-ലെ അപേക്ഷ (Annexure-A1).

## ഉത്തരവ്

വനം വകുപ്പിൽ പെരിയാർ ഈസ്റ്റ് ഡിവിഷനിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കി വരുന്ന സർവ്വശ്രീ. പി.എം.അബ്ബാസ്, വി.എ.റസാക്ക്, ആർ.ഉദയകുമാർ എന്നിവർ തങ്ങളെ സർവ്വീസിൽ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA (Ekm) 321/2016 ആയി ഒരു കേസ് ഫയൽ ചെയ്യുകയും 10/03/2016-ൽ ബഹുമാനപ്പെട്ട കോടതി രണ്ട് മാസത്തിനകം പരാതിക്കാരെ നേരിൽക്കേട്ട് അന്തിമ തീരുമാനമെടുക്കണമെന്നും ഉത്തരവായിരുന്നു.

2) ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിയനുസരിച്ച് പരാതിക്കാർക്ക് 16/06/2016 ന് ഹീയറിംഗിന് അവസരം നൽകുകയുണ്ടായി. വനം വകുപ്പിൽ 01/09/2013-ൽ 20 വർഷം തുടർച്ചയായി ദിവസവേതനത്തിൽ ജോലി ചെയ്തു വന്നിരുന്നതും, 56 വയസ്സ് പൂർത്തിയാകാത്തതുമായ 135 പേരെ 14/05/2015-ലെ സർക്കാർ ഉത്തരവ് (എം.എസ്)29/2015/വനം പ്രകാരം വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകിയിരുന്നു. ടി ഉത്തരവിൽ ഉൾപ്പെടാതെ പോയതും മുൻ ഉത്തരവിൽ ഉൾപ്പെടേണ്ടതുമായ 99 താൽക്കാലിക ജീവനക്കാരെ 28/12/2015-ലെ സ.ഉ(എം.എസ്)നം.110/2015/വനം നമ്പർ ഉത്തരവു പ്രകാരം സ്ഥിരപ്പെടുത്തിയിരുന്നു. എന്നാൽ 1994 മുതലും, 1995 മുതലും താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന തങ്ങൾക്കും മുൻ ഉത്തരവിലെ ആനുകൂല്യം നൽകി സ്ഥിരപ്പെടുത്തണമെന്ന് ഹർജിക്കാർ അഭ്യർത്ഥിച്ചു

3) ഈ വിഷയത്തിൽ കോട്ടയം ഫീൽഡ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരവും ഭരണവിഭാഗം മുഖ്യവനപാലകന്റെ റിപ്പോർട്ട് പ്രകാരവും ശ്രീ.ഉദയകുമാർ. ശ്രീ.പി.എം.അബ്ബാസ്, ശ്രീ.വി.എ.റസാക്ക് എന്നിവർ നിർണ്ണായക തീയതിയായ 1/09/2013-ൽ 20 വർഷം സർവ്വീസ് പൂർത്തിയാക്കിയിട്ടില്ലാത്തതാണ്. ശ്രീ. ഉദയകുമാർ 1994 മുതലും, ശ്രീ.പി.എം.അബ്ബാസ്, ശ്രീ.വി.എ.റസാക്ക് എന്നിവർ 1995 മുതലുമാണ് ദിവസവേതനത്തിൽ ജോലി ചെയ്തു വരുന്നതെന്നും ആയതിനാലാണ് പരാതിക്കാരായ മൂന്നുപേരും ടി സർക്കാർ ഉത്തരവുകളിൽ ഉൾപ്പെടാതെപ്പോയതെന്നും അറിയിക്കുകയുണ്ടായി. 01/09/2013-ൽ സ്ഥിരപ്പെടുത്തുന്നതിനാവശ്യമായ നിശ്ചിത സർവ്വീസ് കാലയളവ് (20 വർഷം) പൂർത്തീകരിച്ചിട്ടില്ലെന്ന കാര്യം ഹർജിക്കാർ സമ്മതിക്കുകയുണ്ടായി.

4) ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. 01/09/2013-ൽ തുടർച്ചയായി 20 വർഷം താൽക്കാലിക സർവ്വീസുള്ളവരെയാണ് 14/05/2015-ൽ സ.ഉ(എം.എസ്)29/2015/വനം, 28/12/2015-

ലെ സ.ഉ.(എം.എസ്)110/2015/വനം ഉത്തരവു പ്രകാരം സ്ഥിരപ്പെടുത്തിയിട്ടുള്ളത്. പരാതിക്കാരായ ശ്രീ.ഉദയകുമാർ. ശ്രീ.പി.എം.അബ്ബാസ്, ശ്രീ.വി.എ.റസാക്ക് എന്നിവർ നിർണ്ണായക തീയതിയായ 1/09/2013-ൽ 20 വർഷം സർവ്വീസ് പൂർത്തിയാക്കിയിട്ടില്ലാത്തതാണ്. ശ്രീ. ഉദയകുമാർ 1994 മുതലും, ശ്രീ.പി.എം.അബ്ബാസ്, ശ്രീ.വി.എ.റസാക്ക് എന്നിവർ 1995 മുതലുമാണ് ദിവസവേതനത്തിൽ ജോലി ചെയ്തു വരുന്നത്. ടി സാഹചര്യത്തിലും കൂടാതെ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് നിലവിലെ ചട്ടങ്ങൾക്ക് വിരുദ്ധമായിതിനാലും സർവ്വീസിൽ സ്ഥിരപ്പെടുത്തണമെന്ന ശ്രീ.ഉദയകുമാർ മുതൽപേരുടെ അപേക്ഷ (Annexure -A1) ഇതിനാൽ നിരസിക്കുകയും ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം-1 ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**നാസറുദ്ദീൻ.എ**

**അണ്ടർ സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ (ഭരണം) ,തിരുവനന്തപുരം
ശ്രീ.ഡി.ഉദയകുമാർ വാച്ചർ, പൊന്നഗർ കോളനി,വള്ളക്കടവ്.പി.ഒ,വണ്ടിപ്പെരിയാർ-685533
ശ്രീ.പി.എം.അബ്ബാസ്,വാച്ചർ,പുളിക്കൽ വീട്,വള്ളക്കടവ്.പി.ഒ,വണ്ടിപ്പെരിയാർ-685533
ശ്രീ.വി.എ.റസാക്ക്, വാച്ചർ, വയലിൽ വീട്,വള്ളക്കടവ്.പി.ഒ,വണ്ടിപ്പെരിയാർ-685533
അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.
വെബ് & ന്യൂമീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

Sefeein

**സെക്ഷൻ ഓഫീസർ**